(ഇ) ഇവർക്കെതിരെ വകുപ്പുതല അന്വേഷണം, സസ്പെൻഷൻ തുടങ്ങിയ ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വൈദ്യുതി മോഷണവുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി.യ്ക്ക് ലഭിച്ച അധിക വരുമാനം

6 [316] *ശ്രീ. എം. എ. വാഹിദ്* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 വർഷം മുതൽ സംസ്ഥാനത്ത് ഗാർഹിക ആവശ്യങ്ങൾക്കായി എത്ര പേർക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്;

(ബി) കഴിഞ്ഞ ഒരു വർഷക്കാലയളവിൽ വൈദ്യുതി മോഷണവുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി. എത്ര തുക ഈടാക്കുകയുണ്ടായി;

(സി) കെ.എസ്.ഇ.ബി. യുടെ ആകെ വരുമാനത്തിൽ ഇത് എത്ര ശതമാനം വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 13,64,622 പേർക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്.

(ബി) 7,96,94,217 രൂപ.

(സി) ഏകദേശം 0.247 ശതമാനം.

വൈദ്യുതി മോഷണം കണ്ടെത്തുകവഴി പിരിച്ചെടുത്ത തുക

7 [317] *ശ്രീ. തമ്പാനൂർ രവി* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മോഷണംമൂലം വൈദ്യുതി ബോർഡിന് 2004-05 സാമ്പത്തിക വർഷത്തിലുണ്ടായ നഷ്ടം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) വൈദ്യുതി മോഷണക്കേസുകൾ കൈകാര്യം ചെയ്യുവാൻ പ്രത്യേക കോടതി രൂപീകരിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) 2004-05 സാമ്പത്തിക വർഷത്തിൽ ഇങ്ങനെ ക്രമക്കേട് നടത്തിയവരിൽ നിന്നും പിരിച്ചെടുത്ത തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 40,45,84,926 രൂപ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്.

(സി) 8,10,51,902 രൂപ.

വൈദ്യുതി മോഷണം

8 [318] *ശ്രീ. എം. മുരളി:*

„ *കെ. ബാബു:*

„ *പി. ടി. തോമസ്:*

„ *എം. കെ. പോൾസൺ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി മോഷണം സംബന്ധിച്ച് എത്ര കേസുകൾ കണ്ടുപിടിച്ചിട്ടുണ്ട്;

(ബി) മുൻ മന്ത്രിസഭയുടെ കാലത്തും എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തും വൈദ്യുതി മോഷണം സംബന്ധിച്ച് എത്ര കേസുകൾ കണ്ടെത്തിയിട്ടുണ്ട്;

(സി) ഈ മന്ത്രിസഭയുടെ കാലത്ത് ആകെ എന്തു തുകയ്ക്കുള്ള വൈദ്യുതി മോഷണമാണ് കണ്ടുപിടിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 380 കേസുകൾ.

(ബി) മുൻ മന്ത്രിസഭയുടെ കാലത്ത് 494 വൈദ്യുതി മോഷണ കേസുകളും എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 438 കേസുകളും കണ്ടെത്തിയിട്ടുണ്ട്.

(സി) 38,79,50,184 രൂപയുടെ വൈദ്യുതി മോഷണം കണ്ടുപിടിച്ചിട്ടുണ്ട്.

വൈദ്യുതി മോഷണം നടത്തുന്ന സ്ഥാപനങ്ങൾ

9 [319] *ശ്രീ. സാജു പോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുതും വലുതുമായ നിരവധി വ്യവസായ സ്ഥാപനങ്ങൾ വൈദ്യുതി മോഷണം നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര കേസുകൾ ഇതിനകം രജിസ്റ്റർ ചെയ്തിട്ടുണ്ട്; മോഷണം നടത്തിയ സ്ഥാപനങ്ങൾ ഏതൊക്കെ എന്നും എന്ത് തുകയ്ക്കുള്ള വൈദ്യുതി മോഷണം നടത്തിയെന്നും വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly